നമ്പർ.സി.ബി(1)33484/2016

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി: 08/08/2016
Website:- www.co-operation.kerala.gov.in
e-mail :- keralarcs@gmail.com

## സർക്കുലർ നമ്പർ. 26/2016

വിഷയം: കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച്

സൂചന: 21/07/2016 ലെ കേരള സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി) 602/2016/കൃഷി

പ്രധാനമന്ത്രിയുടെ വിള ഇൻഷുറൻസ് പ്രോഗ്രാമിന്റെ ഭാഗമായുള്ള കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി ഭാരത സർക്കാർ കൃഷി മന്ത്രാലയം വിജ്ഞാപനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സൂചന ഒന്നുപ്രകാരം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച് സംസ്ഥാന സർക്കാർ കൃഷി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ആയത് ''www.keralaagriculture.gov.in'' എന്ന വെബ്സൈറ്റിൽ ''what is new''വിഭാഗത്തിൽ ലഭ്യമാണ്. സഹകരണ സാമ്പത്തിക സ്ഥാപനങ്ങൾക്ക് നിയമപരമായ നടത്തിപ്പ് ബാദ്ധ്യതയുള്ള ഈ പദ്ധതിയുടെ പ്രധാന നിർദ്ദേശങ്ങൾ സമയക്രമമുൾപ്പെടെ താഴെപ്പറയുന്നു.

1. ''അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യ'' എന്ന പൊതുമേഖലാസ്ഥാപനത്തിനാണ് ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല സംസ്ഥാന സർക്കാർ നിർണ്ണയിച്ചു നൽകിയിട്ടുള്ളത്.

2. വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുള്ള വിളകൾക്കു നൽകിയിട്ടുള്ള പുതുക്കിയിട്ടുള്ള വായ്പകൾക്ക് അതാതു പഞ്ചായത്തുകളിലെ/പ്രദേശങ്ങളിലെ പ്രാഥമിക കാർഷിക സഹകരണ വായ്പാ സംഘങ്ങൾ/ബ്രാഞ്ചുകൾ 15.08.2016-നകം നിർബന്ധമായും ഇൻഷ്വർ ചെയ്തിരിക്കേണ്ടതാണ്.

3. PACS/ബ്രാഞ്ചുകൾ തങ്ങൾ 15/08/2016 വരെ വിതരണം ചെയ്തിട്ടുള്ള കാർഷിക വായ്പകളുടെ അടിസ്ഥാനത്തിൽ വ്യക്തിഗത കർഷക വിവര

ങ്ങൾ തയ്യാറാക്കി (WF.F-3ഫോർമാറ്റിൽ) 31/08/2016 നകം ജില്ലാ സഹകരണ ബാങ്കുകളിൽ ഏല്പിക്കേണ്ടതും ജില്ലാ സഹകരണ ബാങ്കുകൾ വിളയടിസ്ഥാനത്തിൽ RUA wise വിള ഇൻഷ്വറൻസ് ഡിക്ലറേഷൻസ് (WB.F-1ഫോർമാറ്റിൽ) ക്രോഡീകരിച്ച് പ്രീമിയം തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം 2016 സെപ്റ്റംബർ 7 -നകം അഗ്രികൾച്ചറൽ ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

4. നിശ്ചിത തീയതിക്കുശേഷം AICക്ക് ലഭിക്കുന്ന ഡിക്ലറേഷൻസ് ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ നിരുപാധികം നിരസിക്കുന്നതും, അത്തരം വായ്പാ കേസുകളിൽ സ്വയം ഇൻഷ്വർ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതും ആയതിന്റെ സാമ്പത്തിക ബാദ്ധ്യത ബന്ധപ്പെട്ട ബാങ്ക് തന്നെ വഹിക്കേണ്ടി വരുന്നതുമാണ്.

5. നോഡൽ ബാങ്ക് എന്ന നിലയിൽ ജില്ലാ സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ഓരോ സീസണിലും ഇൻഷ്വർ ചെയ്യപ്പെട്ടകർഷകരുടെ വിവരങ്ങൾ ഭാരത സർക്കാർ പോർട്ടലായ www.agri-insurance.gov.inഎന്ന വെബ് പോർട്ടലിൽ ഇൻഷ്വറൻസ് പ്രീമിയം, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ AICക്ക് സമർപ്പിക്കേണ്ട അവസാന തീയതിക്കു ശേഷം 15 ദിവസത്തിനുള്ളിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

6. കർഷകർ ഓരോ സീസണിലും അടക്കുന്ന ആകെ പ്രീമിയം തുകയുടെ 4% നിരക്കിൽ ബാങ്കുകൾക്ക് സർവ്വീസ് ചാർജ്ജിന് അർഹതയുണ്ടായിരിക്കുന്നതും ആയതിന് ബാങ്കുകൾ (WB-VIII) ഫോറത്തിൽ ഇൻവോയിസ് സമർപ്പിക്കേണ്ടതുമാണ്.

7. 2016 സെപ്റ്റംബർ 7-നകം പ്രാഥമിക കാർഷിക വായ്പാസംഘം/ബ്രാഞ്ച്തലത്തിൽ ഇൻഷ്വർ ചെയ്യപ്പെട്ട വായ്പക്കാരുടെ എണ്ണം, അടവാക്കിയ പ്രീമിയം തുക എന്നിവ സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്.

8. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രധാന ശ്രദ്ധാ ബിന്ദുക്കൾ

- പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പ്രോഗ്രാമിന്റെ ഭാഗമായുള്ള കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി ഖാരിഫ് 2016 ൽ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള വിജ്ഞാപനം 21/07/2016 ലെ ജി.ഒ.(ആർ.റ്റി) 602/2016/Agri കേരള സർക്കാർ ഉത്തരവ്

➢ പൊതുമേഖലയിലുള്ള "അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യാ" യാണ് പദ്ധതിയുടെ നിർവ്വഹണഏജൻസി.

➢ ആലപ്പുഴ, പത്തനംതിട്ടയൊഴികെ മറ്റെല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട വിളകൾക്ക് പദ്ധതി പ്രകാരം ഇൻഷ്വറൻസ് സംരക്ഷണം.

➢ കർഷകർ അടക്കേണ്ട പ്രീമിയം - നെല്ലിന് ഇൻഷ്വറൻസ് തുകയുടെ 2%, മറ്റു വിളകൾക്ക് 5% വും.

**വിജ്ഞാപിത വിളകളും, ജില്ലകളും പ്രീമിയം നിരക്കും**

| വിള | ഏക്കറൊന്നിന് പരമാവധി ഇൻഷ്വറൻസ് തുക (രൂപ) | ഏക്കറൊന്നിന് കർഷകർ അടക്കേണ്ട പ്രീമിയം(രൂപ) | വിജ്ഞാപിത ജില്ലകൾ |
|---|---|---|---|
| നെല്ല് - ഒന്നാം വിള | 20000 | 400 | ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, വയനാട് ഒഴികെയുള്ള ജില്ലകൾ |
| അടക്ക | 20000 | 1000 | തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് |
| കുരുമുളക് | 20000 | 1000 | കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് |
| ഇഞ്ചി | 40000 | 2000 | ഇടുക്കി, പാലക്കാട്, വയനാട് |
| കരിമ്പ് | 14000 | 700 | ഇടുക്കി, പാലക്കാട് |
| മഞ്ഞൾ | 24000 | 1200 | കൊല്ലം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് |
| ഏലം | 18000 | 900 | ഇടുക്കി, വയനാട്, പാലക്കാട് |
| കൈതച്ചക്ക | 14000 | 700 | കോട്ടയം, ഇടുക്കി, എറണാകുളം |
| വാഴ | 40000 | 2000 | ആലപ്പുഴ, പത്തനംതിട്ട ഒഴികെ മറ്റു ജില്ല |

| | | | |
|---|---|---|---|
| | | . | കളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകൾ |
| ജാതി | 20000 | 1000 | തൃശ്ശൂർ, എറണാകുളം |
| **പദ്ധതിയിൽ ചേരേണ്ട അവസാന തീയതി: 15/08/2016** | | | |

| | |
|---|---|
| നഷ്ടപരിഹാര നിർണ്ണയം | ഓരോ വിളയ്ക്കും പ്രത്യേകം വെവ്വേറെ പ്രതികൂല കാലാവസ്ഥാ ഘടകങ്ങളും (Risks covered) അത് രേഖപ്പെടുത്തുന്ന കാലാവധിയും (Risk period) വിളയനുസരിച്ചുള്ള നിർണ്ണയതോതും (Triggers) ടേം ഷീറ്റ് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. നഷ്ടപരിഹാരനിർണ്ണയം ഓരോ വിജ്ഞാപിതപ്രദേശത്തിനും ബന്ധപ്പെട്ട സൂചിത കാലാവസ്ഥാ നിലയത്തിൽ ഇൻഷ്വറൻസ് കാലയളവിൽ രേഖപ്പെടുത്തുന്ന കാലാവസ്ഥാ ഡേറ്റായും വിജ്ഞാപിത വിളകളുടെ ടേം ഷീറ്റും അനുസരിച്ച് മാത്രം. |
| ഒരു വിജ്ഞാപിത പ്രദേശത്തെ അടിസ്ഥാനമാക്കി മാത്രം(Area approach)വ്യക്തിഗത മാനദണ്ഡങ്ങൾ നഷ്ട പരിഹാരനിർണ്ണയത്തിന് കണക്കാക്കുന്നതല്ല. | |

| | | |
|---|---|---|
| ചേരേണ്ട തീയതി | വായ്പയെടുത്ത കർഷകർ | പ്രസ്തുത വിളകൾക്ക് 15/08/2016നകം വായ്പാ പരിധി അനുവദിച്ചിട്ടുള്ള എല്ലാ കർഷകരെയും അതാതു ബാങ്കുകൾ നിർബന്ധമായും ചേർക്കേണ്ടതാണ്. ആയതിനാൽ കർഷകർക്ക് പ്രത്യേകം അപേക്ഷാഫോറം നൽകേണ്ടതില്ല. |
| | വായ്പേതര കർഷകർ | വായ്പയെടുക്കാത്ത കർഷകർ സ്വന്തം താല്പര്യ പ്രകാരം യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ്/അംഗീകൃത ബ്രോക്കിംഗ് കമ്പനി/ നിർവ്വഹണ ഏജൻസിയുമായി ബന്ധപ്പെട്ട് നിശ്ചിത തീയതിക്കുള്ളിൽ പൂരിപ്പിച്ച അപേ |

| | | |
|---|---|---|
| | . | ക്ഷയും പ്രീമിയം തുകയും അനുബന്ധരേഖകളും നൽകണം. |

**പരാതി പരിഹാരങ്ങൾ**

അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യലിമിറ്റഡ് -
റീജണൽ ഓഫീസ് കാർമ്മൽ ടവേഴ്സ്,
കോട്ടൺഹിൽ.പി.ഒ, വഴുതക്കാട്,
തിരുവനന്തപുരം-14

ഫോൺ.0471- 2334493, 0471-2334989

വെബ്സൈറ്റ് -www.aicofindia.com

e-mail - rothiruvananthapuram@aicofindia.com

സൂചന സർക്കാർ ഉത്തരവ് പരിശോധിച്ച് ഈ പദ്ധതി നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായി ജോയിന്റ് രജിസ്ട്രാർമാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവർ ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും നൽകേണ്ടതാണ്.

ഒപ്പ്/-
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
4. ജനറൽമാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും

//ആജ്ഞാനുസരണം//

Aparna P

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)